**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3930** **03-03-2023 - ൽ മറുപടിയ്ക്ക്**

**പുതുതായി അനുവദിച്ച ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2016-നു ശേഷം സംസ്ഥാനത്ത് പുതുതായി എത്ര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 25.05.2016 ന് ശേഷം സംസ്ഥാനത്ത് താഴെപറയുന്ന 8 സ്ഥലങ്ങളിൽ ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്:<br><br>കല്ലമ്പലം (തിരുവനന്തപുരം) അരൂർ (ആലപ്പുഴ), നാട്ടിക (തൃശ്ശൂർ), കോങ്ങാട്, കൊല്ലങ്കോട്, പട്ടാമ്പി (പാലക്കാട്), താനൂർ (മലപ്പുറം ) കൊയിലാണ്ടി (കോഴിക്കോട് )<br><br>കൂടാതെ താഴെപറയുന്ന 10 സ്ഥലങ്ങളിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്:<br><br>ഉള്ളൂർ, പാലോട് (തിരുവനന്തപുരം ), മാവൂർ (കോഴിക്കോട് ), ചീമേനി (കാസർഗോഡ് ), തൊണ്ടർനാട്, പനമരം, വൈത്തിരി<br><br>(വയനാട്), രാജാക്കാട് (ഇടുക്കി ), ആറൻമുള (പത്തനംതിട്ട), നേര്യമംഗലം (എറണാകുളം ) |
| (ബി) | ചീമേനി ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | റവന്യൂ വകുപ്പ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയ്ക്ക് ലീസിന് നൽകിയ ചീമേനി വില്ലേജിലെ സ്ഥലം ചീമേനി അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിനായി അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ലഭിയ്ക്കുന്നതിന് വകുപ്പ് മേധാവി ഒപ്പിട്ട അർത്ഥനാ പത്രം കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ആവശ്യമായ കെട്ടിടം നിർമ്മിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ചീമേനിയിൽ ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ തുറന്ന് പ്രവർത്തിപ്പിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ